# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1727 22/03/2012-ലെ മറുപടി നൽകേണ്ടിയിരുന്നത്

<u>കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേട്</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. പി.ബി. അബ്ദുൾ റസാക്<br>ശ്രീ. എം. ഉമ്മർ | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| എ) കേരള സർവ്വകലാശാലയുടെ അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേടുകളെയും അഴിമതിയേയും, സ്വജനപക്ഷപാതത്തേയും സംബന്ധിച്ച ലോകായുക്ത വിധിമൂലമുളവായ നിയമ, ക്രമസമാധാന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ഉണ്ട്<br>എ) ബഹു. ഉപലോകായുക്ത പരാതി നമ്പർ 572/2008-ൽ സ്വീകരിച്ച റിപ്പോർട്ടിൽ, R1 (ഡോ. എം.കെ. രാമചന്ദ്രൻ നായർ, മുൻ വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി), R3 (ഡോ. വി. ജയപ്രകാശ്, പ്രോവൈസ്ചാൻസലർ, കേരള യൂണിവേഴ്സിറ്റി), R10-R13 (കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ബി.എസ്. രാജീവ്, ശ്രീ.എ.എ.റഷീദ്,ശ്രീ. കെ.എ. ആൻഡ്രൂസ്, ശ്രീ. എൻ.വി. റസ്സൽ) എന്നിവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നു. ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഇവർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ഉപലോകായുക്തയുടെ ശുപാർശയിൽ നിയമനം റദ്ദാക്കണമെന്ന് പറഞ്ഞിട്ടുള്ള കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റുമാരും പ്രസ്തുത വിധിക്കെതിരെ ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പലോകായുക്തയുടെ പ്രസ്തുത റിപ്പോർട്ടിൽ കേരള സർവ്വകലാശാല അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റും നിയമനവും റദ്ദാക്കുവാൻ 'കോംപിറ്റന്റ് അതോറിറ്റി' എന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയോട് ശുപാർശ ചെയ്തിരുന്നു. W.P. (C) Nos. 519, 2074, 2447, 2554 & 2670 of 2012& 491/2011-J. 499/2012-J. 519/2012-L. |

594/2012-Y, 619/2012-B &681/2012-I എന്നീ റിട്ട് പെറ്റീഷനുകളിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് കണക്കിലെടുത്തുകൊണ്ട് ബഹു. ഉപലോകായുക്തയുടെ ശുപാർശയിൻമേൽ തൽക്കാലം തുടർ നടപടികൾ എടുക്കാനാവില്ല എന്ന് പ്രിൻസിപ്പൽ സെക്രട്ടറി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ബഹു. മുൻ ലോകായുക്ത ബഹു. ജസ്റ്റിസ് ശ്രീ. എൻ. കൃഷ്ണൻ നായരുടെ വസതിക്കു നേരെ കല്ലേറുണ്ടായ സംഭവം കണക്കിലെടുത്തുകൊണ്ട് Complaint No. 572/08-ൽ വിധി പ്രസ്താവിച്ച ഇപ്പോഴത്തെ ബഹു. ഉപലോകായുക്ത ജസ്റ്റിസ് ജി. ശശിധരനും, അദ്ദേഹത്തിന്റെ വസതിക്കും, ആവശ്യമായ പോലീസ് സംരക്ഷണം, ലോകായുക്ത രജിസ്ട്രാർ 29/12/2011-ലെ കത്തു മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു.

ബി) മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി മുഖേന വിവിധ തസ്തികകളിലേക്ക് നടത്തേണ്ട നിയമനങ്ങളിൽ ഉണ്ടായ തട്ടിപ്പ്, ആൾ മാറാട്ടം, മറ്റ് ക്രമക്കേടുകൾ എന്നീ ആസൂത്രിത നിയമവിരുദ്ധ പ്രവർത്തനങ്ങൾ സമൂഹത്തിലുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

ബി) സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളിലും 01/01/2001 മുതൽ 31/12/2010 വരെ നടന്ന പി.എസ്.സി നിയമനങ്ങൾ സംബന്ധിച്ച ക്രമക്കേടുകൾ പരിശോധിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ കീഴിൽ സ്പെഷ്യൽ സെൽ രൂപീകരിച്ചുകൊണ്ട് 14/12/2010-ലെ ജി.ഒ. (പി) നം. 40/2010/പി.&എ.ആർ.ഡി പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ നിയമന പരിശോധന നടന്നു വരുന്നു. എന്നാൽ നിയമനങ്ങളിലുണ്ടായ തട്ടിപ്പ്, ആൾമാറാട്ടം, മറ്റ് ക്രമക്കേടുകൾ ഉൾപ്പെടെയുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് ഇതുവരെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലാത്തതാണ്.

സി) ക്രമക്കേടിനും, അഴിമതിക്കുമെതിരെ വിധി പ്രസ്താവിച്ച ലോകായുക്ത പോലീസ് സംരക്ഷണം ആവശ്യപ്പെടാൻ ഇടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

സി) ബഹു. മുൻ ലോകായുക്ത ബഹു. ജസ്റ്റിസ് ശ്രീ. എൻ. കൃഷ്ണൻ നായരുടെ വസതിക്കു നേരെ കല്ലേറുണ്ടായ സംഭവം കണക്കിലെടുത്തുകൊണ്ട് Complaint No.

| | |
|---|---|
| | 572/08-ൽ വിധി പ്രസ്താവിച്ച ഇപ്പോഴത്തെ ബഹു. ഉപലോകായുക്ത ജസ്റ്റിസ് ജി. ശശിധരനും, അദ്ദേഹത്തിന്റെ വസതിക്കും, ആവശ്യമായ പോലീസ് സംരക്ഷണം, ലോകായുക്ത രജിസ്ട്രാർ 29/12/2011-ലെ കത്തു മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. |
| ഡി) എങ്കിൽ നിയമവാഴ്ചയെ തടസ്സപ്പെടുത്താനും, നീതിന്യായ സ്ഥാപനങ്ങളെ ഭീഷണിപ്പെടുത്തി വരുതിയിൽ നിർത്താനുമുള്ള സംഘടിത ശ്രമത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | ഡി) ഈ വിഷയത്തിൽ പരാതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ